**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 305** **15-07-2022 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലി രോഗ നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. ബാബു (നെന്മാറ),<br>ഡോ സുജിത് വിജയൻപിള്ള,<br>ശ്രീ ഡി കെ മുരളി,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ദേശീയ കുടുംബാരോഗ്യ സർവ്വേപ്രകാരം സംസ്ഥാനത്ത് സ്ത്രീകളിൽ 38 ശതമാനവും പുരുഷൻമാരിൽ 36.5 ശതമാനവും അമിത വണ്ണമുള്ളവരാണെന്ന കണ്ടെത്തലിനെ തുടർന്ന് ജീവിതശൈലി രോഗ നിയന്ത്രണത്തിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ; | (എ) | പ്രമേഹം, രക്താതിമർദ്ദം, പൊണ്ണത്തടി, ഹൃദ്രോഗങ്ങൾ, വൃക്കരോഗങ്ങൾ, ക്യാൻസർ തുടങ്ങിയ ജീവിതശൈലീരോഗങ്ങൾ കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഇവയെ പ്രതിരോധിക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പ് 'അമൃതം ആരോഗ്യം' എന്ന പേരിൽ ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. നഗരവൽക്കരണത്തിന്റെയും ആധുനികവൽക്കരണത്തിന്റെയും ഫലമായി ജനങ്ങളുടെ ജീവിതശൈലിയിൽ ഉണ്ടായ കാതലായ മാറ്റമാണ് ജീവിതശൈലീ രോഗങ്ങൾ വർദ്ധിക്കുന്നതിന് കാരണം. ഇത് നിയന്ത്രിക്കുന്നതിന് ജനങ്ങളുടെ ആരോഗ്യ ബോധത്തിൽ സ്ഥായിയായ മാറ്റങ്ങൾ ഉണ്ടാക്കുകയും ജനങ്ങളുടെ ജീവിതചര്യയിൽ ആരോഗ്യകരമായ മാറ്റങ്ങൾ സൃഷ്ടിക്കുകയുമാണ് വേണ്ടത്. ഇതിനാവശ്യമായ ആരോഗ്യബോധവൽക്കരണവും പരിശീലനങ്ങളും ആരോഗ്യവകുപ്പ് നൽകി വരുന്നുണ്ട്. ആരോഗ്യകരമായ ഭക്ഷണരീതി, ചിട്ടയായ വ്യായാമം, ലഹരിയിൽ നിന്നുള്ള മുക്തി തുടങ്ങിയ വിഷയങ്ങളിലാണ് പ്രധാനമായും ആരോഗ്യബോധവൽക്കരണം നടത്തി വരുന്നത്. ഇതിനു പുറമേ കായികവിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും യോഗ പോലെയുള്ള വ്യായാമ മുറകൾ പരിശീലിപ്പിക്കുന്നതിനും ഓപ്പൺ ജിംന്യേഷ്യങ്ങൾ സജ്ജീകരിക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു.<br><br>സർക്കാർ മെഡിക്കൽ കോളേജുകൾക്ക് കീഴിലുള്ള റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർ, അർബൻ |

| | | | |
|---|---|---|---|
| | | | ഹെൽത്ത് ട്രെയിനിംഗ് സെന്റർ എന്നിവിടങ്ങളിൽ ജീവിതശൈലി രോഗനിർണ്ണയത്തിനും, അതിന്റെ തുടർ ചികിത്സയ്ക്കുമായുള്ള എൻ.സി.ഡി ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും മുടങ്ങാതെ നടന്നു വരുന്നു. ജീവിതശൈലി രോഗങ്ങൾ മുഖേനയുണ്ടാകുന്ന സങ്കീർണ്ണതകളെ വേഗത്തിൽ കണ്ടെത്താനായി ഈ ക്ലിനിക്കുകളിൽ നിന്ന് രോഗികളെ മെഡിക്കൽ കോളേജുകളിലേക്ക് റഫർ ചെയ്യുകയും തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്തു വരുന്നു.<br><br>ജീവിതശൈലി രോഗബാധിതരായി മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടി വരുന്ന എല്ലാ രോഗികൾക്കും അവരുടെ രോഗത്തിന്റെ തരവും തീവ്രതയും അനുസരിച്ച് ഉചിതമായ ഐ.പി, ഐ.സി.യു, വെന്റിലേറ്റർ കെയർ എന്നിവ ഉൾപ്പെടെ നൽകി വരുന്നു. ജീവിതശൈലി രോഗങ്ങളായി ഒ.പി.യിൽ ചികിത്സ തേടുന്നവർക്ക് രോഗനിയന്ത്രണത്തിനാവശ്യമായ ചികിത്സയും പ്രതിരോധമാർഗ്ഗങ്ങളെക്കുറിച്ചുള്ള അവബോധവും നൽകി വരുന്നു. |
| (ബി) | സംസ്ഥാനത്ത് 30 വയസ്സിന് മുകളിലുള്ളവരുടെയെല്ലാം വിവരം ശേഖരിച്ച് ജീവിതശൈലി രോഗ രജിസ്ട്രി തയ്യാറാക്കുന്നുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിലുള്ള തുടർപ്രവർത്തനങ്ങൾ എന്തൊക്കെയാണ്; | (ബി) | നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളുടേയും ജീവിതശൈലീരോഗങ്ങളെ കുറിച്ചുള്ള ആരോഗ്യവിവരശേഖരണം നടത്തുന്നതിനും ജീവിതശൈലീ രോഗപരിശോധനയും ചികിത്സയും നടത്തുന്നതിനും ഒരു ബൃഹദ് ക്യാമ്പയിൻ ആരോഗ്യവകുപ്പ് ആരംഭിക്കുകയുണ്ടായി. 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ' എന്ന് നാമകരണം ചെയ്ത ഈ ക്യാമ്പയിൻ തുടക്കത്തിൽ ഓരോ നിയോജകമണ്ഡലത്തിലെയും ഒരു പഞ്ചായത്തിലാണ് നടപ്പിലാക്കുക. ആശ പ്രവർത്തകർ, ഭവനസന്ദർശനം നടത്തി ഓരോ വീടുകളിലെയും 30 വയസിന് മുകളിൽ പ്രായമുള്ള ജനങ്ങളുടെ വിവരശേഖരണം നടത്തുന്നതിനും അവരുടെ ആരോഗ്യ പ്രശ്നങ്ങൾക്ക് അനുസൃതമായ പരിശോധനകൾക്ക് അവരെ അടുത്തുള്ള ആരോഗ്യകേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നതിനുമാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഈ വിവരശേഖരണത്തിനായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലീ' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയാണ് ജനങ്ങളുടെ ആരോഗ്യ വിവരങ്ങൾ ശേഖരിച്ച് വരുന്നത്. ഇത് തൽസമയം തന്നെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്. ഈ പരിപാടി നടപ്പിലാക്കാൻ ആവശ്യമായ |

| | | | |
|---|---|---|---|
| | | | പരിശീലനങ്ങൾ എല്ലാ ആരോഗ്യ പ്രവർത്തകർക്കും ആശാപ്രവർത്തകർക്കും ഇതിനോടകം തന്നെ നൽകി കഴിഞ്ഞു. ഈ പദ്ധതി നടപ്പിലാക്കുവാൻ ആവശ്യമായ ഫണ്ടുകൾ ദേശീയ ആരോഗ്യ ദൗത്യം മുഖേനയും സംസ്ഥാന പ്ലാൻ ഫണ്ട് മുഖേനയും വകയിരുത്തിയിട്ടുണ്ട്. |
| (സി) | മൊബൈൽ ആപ്ലിക്കേഷനുപയോഗിച്ച് ജീവിതശൈലി രോഗ നിർണയത്തിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിന്റെ നേട്ടങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | ഉണ്ട്. 30 വയസിന് മുകളിൽ പ്രായമുള്ള ജനങ്ങളുടെ ജീവിതശൈലീ രോഗങ്ങളെ കുറിച്ചും അവയിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഉള്ള വിവരം ആശാപ്രവർത്തകരിലൂടെ ശേഖരിക്കുകയും, ശേഖരിക്കുന്ന വിവരങ്ങൾ ക്രോഡീകരിക്കുന്നതിനും വിശകലനം ചെയ്യുന്നതിനും ആയത് ഡിജിറ്റലൈസ് ചെയ്യുന്നതിനുമായി ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത 'ശൈലീ' എന്ന മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിക്കുന്നു. ഇത് വഴി ശേഖരിക്കുന്ന വിവരങ്ങൾ തൽസമയം തന്നെ അതാത് പ്രാഥമികാരോഗ്യ കേന്ദ്രത്തിലും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഡാഷ് ബോർഡിലൂടെ നിരീക്ഷിക്കുവാൻ സാധിക്കുന്നതാണ്. ഇങ്ങനെ ചെയ്യുന്നതിലൂടെ ഓരോ ആശാപ്രവർത്തകയും, ഓരോ ആരോഗ്യസ്ഥാപനവും ഓരോ ജില്ലയിലും നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ തൽസമയം തന്നെ നിരീക്ഷിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതിനും സാധിക്കും. |

സെക്ഷൻ ഓഫീസർ